പ്രസ്സ് റിലീസ് PRESS RELEASE

ഭാരതീയ റിസർവ് ബാങ്ക്
RESERVE BANK OF INDIA

വെബ്സൈറ്റ് : www.rbi.org.in/hindi
Website : www.rbi.org.in
ഇ-മെയിൽ : helpdoc@rbi.org.in

ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ, സെൻട്രൽ ഓഫീസ്, എസ്.ബി.എസ്. മാർഗ്, മുംബൈ - 400 001
DEPARTMENT OF COMMUNICATION, Central Office, S.B.S. Marg, Mumbai - 400 001
Phone : 91 22 2266 0502 Fax : 91 22 22660358

നവംബർ 20, 2018

**ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 (എഎസിഎസ്) പ്രകാരമുള്ള ആജ്ഞാപനങ്ങൾ - പത്മശ്രീ ഡോ. വിത്തൽ റാവു വിഘേ പാട്ടീൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, നാസിക്ക്, മഹാരാഷ്ട്ര – കാലാവധി ദീർഘിപ്പിക്കൽ**

ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 (എഎസിഎസ്) ലെ സക്ഷൻ 56 നോടൊപ്പം ചേർത്ത് വായിക്കേണ്ട സെക്ഷൻ 35 എ യുടെ സബ്സെക്ഷൻ (1) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ട്, ഭാരതീയ റിസർവ് ബാങ്ക് പൊതു താത്പര്യാർത്ഥം പത്മശ്രീ ഡോ. വിത്തൽ റാവു വിഘേ പാട്ടീൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, നാസിക്ക്, മഹാരാഷ്ട്രയുടെ പേർക്ക് 2018 മെയ് 19ലെ ബിസിനസ് സമയം അവസാനിച്ചത് മുതൽക്ക് ആജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇപ്പോൾ ഭാരതീയ റിസർവ് ബാങ്ക് ആജ്ഞാപനങ്ങൾ 2018 നവംബർ 19 മുതൽ 2019 മെയ് 18 വരെയുള്ള ആറ് മാസക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ചിരിക്കുന്നു. ആജ്ഞാപനങ്ങളുടെ ഒരു പകർപ്പ് പൊതുജനങ്ങളുടെ പരിശോധനയ്ക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. സാഹചര്യങ്ങളെ ആശ്രയിച്ച് ആജ്ഞാപനങ്ങളിൽ ഭേദഗതി വരുത്തുന്നത് ഭാരതീയ റിസർവ് ബാങ്ക് പരിഗണിക്കുന്നതാണ്. ആജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതിനെ ബാങ്കിന് നൽകിയിരുന്ന ബാങ്കിങ് ലൈസൻസിന്റെ റദ്ദാക്കലായി പ്രകൃത്യാ വ്യാഖ്യാനിക്കാൻ പാടുള്ളതല്ല. ബാങ്കിന്റെ ധനകാര്യ സ്ഥിതിമെച്ചപ്പെടുന്നത് വരേയ്ക്കും, നിയന്ത്രണങ്ങൾക്ക് വിധേയമായി അത് ബാങ്കിങ് ബിസിനസ് തുടർന്നും നടത്തുന്നതായിരിക്കും.

**അജിത് പ്രസാദ്**
അസിസ്റ്റന്റ് അഡ്വൈസർ

**പ്രസ്സ് റിലീസ്: 2018-2019/1169**